# വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് - ദിലീപ് കുമാർ.ടി.ഐ

വിഷയം:- വനം വകുപ്പ്- ജീവനക്കാര്യം-എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.ശ്രീപ്രിയ.എം.കെ-യുടെ സീനിയോറിറ്റി പുനർ നിർണയിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂരിന്റെ 21-07-2020 ലെ E1-5166/2017 നമ്പർ കത്ത്
2) എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.ശ്രീപ്രിയ.എം.കെ-യുടെ 16.07.2020-ലെ അപേക്ഷ.
3) കണ്ണൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ 19.03.2014-ലെ CV(2)3230/09(1) നമ്പർ അഡ്വൈസ്.
4) സ.ഉ(സാധാ)/137/2017/വനം തീയതി: 31.03.2017
5) GO(P) No:20/2014/P&ARD dt.10.07.2014
6) GO(P) No:38/2014/P&ARD dt.14.11.2014
7) GO(P) No.130/2020/F&WLD Dt.04-06-2020

## <u>ഉത്തരവ് നമ്പർ E2-3530/2020 തീയതി -19-11-2020</u>

നഗരകാര്യ വകുപ്പിൽ, ആസ്ഥാന ഒഴിവിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സൂചന (3) നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച ശ്രീമതി. ശ്രീപ്രിയ.എം കെ യ്ക്ക്, ടി വകുപ്പിന് ടിയാളുടെ മാതൃ ജില്ലയായ കണ്ണൂരിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ സൂചന (4) പ്രകാരം വനം വകുപ്പിൽ, കണ്ണൂർ ജില്ലയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ചിരുന്നു. ആദ്യ നിയമന ശുപാർശ തീയതിയിൽ വനം വകുപ്പിൽ സീനിയോറിറ്റി ലഭിക്കുന്നതിന് വേണ്ടിയുള്ള ടിയാളുടെ സൂചന (2) അപേക്ഷ സൂചന (1) പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഈ ഓഫിസിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ടിയാൾ വനം വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതീയതി അടിസ്ഥാനമാക്കി എൽ.ഡി ടൈപ്പിസ്റ്റുമാരുടെ 01-01-2018 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 31 ആയിട്ടാണ് ടിയാൾക്ക് സീനിയോറിറ്റി അനുവദിച്ചിട്ടുള്ളത്.

ഒരു വകുപ്പിൽ ആസ്ഥാന ഒഴിവിൽ നിയമനം ലഭിക്കുകയും ടി വകുപ്പിന് മാതൃജില്ലയിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുകയും ചെയ്യുന്നവർക്ക് സൂചന (5) (6) ഉത്തരവുകൾ പ്രകാരം ആദ്യ നിയമന ശുപാർശ തീയതിയിൽ സീനിയോറിറ്റിയ്ക്ക് അർഹതയുണ്ട്. ഇതേ വിധത്തിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ച കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാർക്ക് ആദ്യ നിയമന ശുപാർശ തീയതിയിൽ വനം വകുപ്പിൽ സീനിയോറിറ്റി അനുവദിച്ചുകൊണ്ട് സൂചന (7) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ശ്രീമതി.ശ്രീപ്രിയ.എം.കെ യ്ക്ക് സൂചന (3) നിയമന <u>ശുപാർശ തീയതിയായ</u>

19.03.2014 മുതലുള്ള സീനിയോറിറ്റി ലഭിക്കേണ്ടതാണ്. എൽ.ഡി. ടൈപ്പിസ്റ്റ്മാരുടെ 01.01.2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ (7) ശ്രീ.ഷിബു.പി-യുടേയും സീരിയൽ നമ്പർ (8) ശ്രീമതി.വിജയലക്ഷമി.പി-യുടേയും മദ്ധ്യേ സീരിയൽ നമ്പർ (7A) ആയി സീനിയോറിറ്റി ലഭിക്കാൻ ശ്രീമതി.ശ്രീപ്രിയ.എം.കെ അർഹയാണ്.

മേൽ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിൽ ആസ്ഥാന ഒഴിവിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിക്കുകയും, ടി വകുപ്പിന് മാതൃ ജില്ലയായ കണ്ണൂരിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ വനം വകുപ്പിൽ കണ്ണൂർ ജില്ലയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുകയും ചെയ്ത എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.ശ്രീപ്രിയ.എം.കെയ്ക്ക്, ടിയാളുടെ ആദ്യ നിയമന ശുപാർശ തീയതിയായ 19.03.2014 പ്രാബല്യത്തിൽ, വനം വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ്മാരുടെ 01.01.2018 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ (7) ശ്രീ.ഷിബു.പി-യുടേയും സീരിയൽ നമ്പർ (8) ശ്രീമതി.വിജയലക്ഷമി.പി-യുടേയും മദ്ധ്യേ സീരിയൽ നമ്പർ (7A) ആയി സീനിയോറിറ്റി നൽകികൊണ്ട് ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
O/o.അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്കൺസർവേറ്റർ
(ഭരണം)

പകർപ്പ് : (1) ജീവനക്കാരിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂർ മുഖേന നൽകുന്നു
(2) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂരിന് അറിവിലേക്കായി നൽകുന്നു.
(3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) യ്ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നൽകുന്നു.